പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർ സെക്കൻഡറി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

**നം.സി.ജി.&എ.സി./1515/2021/ഡി.ജി.ഇ.** **തീയതി. 23/07/2021**

# സർക്കുലർ

**വിഷയം-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി.- സി.ജി.&എ.സി. - 'സജ്ജം' - ഉദ്ഘാടനം - സംബന്ധിച്ച്.

കൗമാരക്കാരായ വിദ്യാർത്ഥികൾ ഓൺലൈൻ ഗെയിമുകൾക്ക് അടിമപ്പെടുന്നതും സൈബർ ചതിക്കുഴികളിൽ വീഴുന്നതും തടയാൻ പൊതുവിദ്യാഭ്യാസ വകുപ്പ് കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസിലിംങ് സെല്ലിന്റെ നേതൃത്വത്തിൽ ഒരു മാസം നീണ്ടു നിൽക്കുന്ന 'സജ്ജം' എന്ന ക്യാമ്പയിനു തുടക്കം കുറിക്കുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടർ ജീവൻ ബാബു.കെ. ഐ.എ.എസ് സജ്ജം ക്യാമ്പയിന്റെ **ഉദ്ഘാടനം 26/07/2021 ന് രാത്രി 7.30 ന് സൂം വെർച്വൽ പ്ലാറ്റ്ഫോമിലൂടെ** നിർവ്വഹിക്കുന്നതാണ്. സൈബർ ഫോറൻസിക് വിദഗ്ധൻ ശ്രീ.പി.വിനോദ് ഭട്ടതിരിപ്പാട് ആദ്യ സെഷന് നേതൃത്വം നൽകുന്നതായിരിക്കും.

സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും സൂം പ്ലാറ്റ്ഫോമിലൂടെ **Meeting ID – 88912702606 & Pass code – SAJJAM** എന്ന ഐഡി ഉപയോഗിച്ചും കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസിലിംങ് സെല്ലിന്റെ (CGAC) യൂ-ട്യൂബ് ചാനലിലൂടെയും ലൈവ് ആയി പങ്കെടുക്കാവുന്നതാണ്. മുഴുവൻ കുട്ടികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിക്കാനാവശ്യമായ നടപടി സൗഹൃദ കോ-ഓർഡിനേറ്ററും പ്രിൻസിപ്പാളും സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-

**സ്റ്റേറ്റ് കോ-ഓർഡിനേറ്റർ**
**കരിയർ ഗൈഡൻസ് & അഡോളസെന്റ്**
**കൗൺസിലിംങ്**